**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഖനനാനുമതിക്കുള്ള വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് വനഭൂമി കൈയേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര വനസംരക്ഷണ നിയമ ഭേദഗതിയിലെ ഖനനാനുമതിക്കുള്ള വ്യവസ്ഥകൾ ദുരുപയോഗം ചെയ്തുകൊണ്ട് വനഭൂമി നികത്തുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാനത്തിലും വ്യാപകമായി നടക്കുന്നു എന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര വനസംരക്ഷണ നിയമ ഭേദഗതിയിലെ ഖനനാനുമതിക്കുള്ള വ്യവസ്ഥകൾ ദുരുപയോഗം ചെയ്തുകൊണ്ട് വനഭൂമി നികത്തുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാനത്തിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | കേന്ദ്ര നിയമങ്ങളുടെ ദുരുപയോഗത്തിലൂടെ വനഭൂമി കയ്യേറാനുള്ള നീക്കം ചെറുക്കുന്നതിന് എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | വനഭൂമി കയ്യേറാനുള്ള നീക്കം ചെറുക്കുന്നതിന്റെ ഭാഗമായി വനാതിർത്തികൾ നിർണ്ണയിച്ച് ജണ്ട/കയ്യാല കെട്ടി സംരക്ഷിച്ചു വരുന്നു. കൂടാതെ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി അനധികൃത കയ്യേറ്റമുണ്ടായിട്ടില്ലെന്ന് ഉറപ്പ് വരുത്തുകയും, വനം കയ്യേറ്റം നടത്തുന്നവർക്കെതിരെ വനനിയമങ്ങൾ അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ അനുമതിയില്ലാതെ വനഭൂമി വനേതര ആവശ്യങ്ങൾക്കായി വിട്ടു നൽകാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ